# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1229

01.07.2015 ൽ മറുപടിയ്ക്ക്

### നെല്ലുസംഭരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ലുസംഭരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. 17.02.2012 ലെ G.O (Ms) 31/2012/Agri. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2012-13 ഒന്നാം സീസൺ മുതൽ സപ്ലൈകോ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരിച്ചു വരുന്നു. 2014-15 ഒന്നും രണ്ടും സീസണിലായി 549641.930 മെ. ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) 2013-14 ഒന്നാം സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമുള്ള എവിടെ നിന്നും കർഷകർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (സി) എത്ര നെൽ കർഷകർക്കാണ് പ്രസ്തുത പദ്ധതി വഴി പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) ഓരോ വർഷവും രണ്ട് സീസണിലായി ഏകദേശം ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തിൽപരം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. നടപ്പ് (2014-15 II nd) സീസണിൽ 1,25,698 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) എത്ര ലക്ഷം ടൺ നെല്ലാണ് പ്രസ്തുത പദ്ധതി വഴി സംഭരിക്കാനുദ്ദേശി ക്കുന്നത് ; വിശദമാക്കുമോ ; | (ഡി) 2014-15 ഒന്നും രണ്ടും സീസണിലായി ഏകദേശം 5.5 LMT നെല്ല് സംഭരിക്കാനാണ് ഉദ്ദേശിക്കുന്നത്, ഇതുവരെ 549641.930 മെ. ടൺ നെല്ല് സംഭരിച്ചു. |
| (ഇ) സംഭരണ വില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ? | (ഇ) നെല്ല് സംഭരിച്ച ശേഷം കർഷകർക്ക് നെൽവില ലഭിക്കുന്നതിനായി കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും, പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി സപ്ലൈകോ ധാരണാ പത്രം ഉണ്ടാക്കി, അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശ പ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകി വരുന്നു (ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്). കൂടാതെ ബാങ്കുകളിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽ വില നൽകി വരുന്നു. |

Beena

സെക്ഷൻ ഓഫീസർ

## അനുബന്ധം

നെല്ല് സംഭരണത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് :

| ക്രമ നമ്പർ | ജില്ല | അളവ് (മെ. ടൺ) I KMS | അളവ് (മെ. ടൺ) II KMS |
|---|---|---|---|
| 1 | ആലപ്പുഴ | 37926.957 | 11996.661 |
| 2 | എറണാകുളം | 135.921 | 3261.868 |
| 3 | ഇടുക്കി | 10.627 | 38.458 |
| 4 | കണ്ണൂർ | 24.954 | 230.695 |
| 5 | കോട്ടയം | 18875.662 | 47186.277 |
| 6 | മലപ്പുറം | 58.195 | 11914.932 |
| 7 | പാലക്കാട് | 83245.691 | 33901.019 |
| 8 | തൃശ്ശൂർ | 2303.074 | 80672.225 |
| 9 | തിരുവനന്തപുരം | 294.594 | 378.094 |
| 10 | വയനാട് | 325.782 | 3320.457 |
| 11 | കാസർഗോഡ് | 66.200 | 144.413 |
| 12 | കൊല്ലം | 45.600 | 411.246 |
| 13 | പത്തനംതിട്ട | – | 8237.489 |
| 14 | കോഴിക്കോട് | – | 294.566 |
|  | ആകെ | 143313.257 | 406328.67 |

Beena

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ്- സപ്ലൈകോ വഴി സംസ്ഥാനത്ത് ആവശ്യാനുസരണം നെല്ല് സംഭരിക്കുന്നതിന് വേണ്ട വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**കൃഷി (ആസൂത്രണം-എ) വകുപ്പ്**

**സ.ഉ.(എം.എസ്) നമ്പർ. 31/2012/കൃഷി** **തീയതി, തിരുവനന്തപുരം,** 17/02/2012

==========================================================================

**ഉത്തരവ്**

ആലപ്പുഴ, പത്തനംതിട്ട ജില്ലയിലെ കുട്ടനാടൻ മേഖല, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലയിലെ പൊന്നാനി മേഖല, തിരുനാവായ, വയനാട് എന്നിവിടങ്ങളിൽ മാത്രമാണ് ഇപ്പോൾ സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം നടക്കുന്നത്. സംസ്ഥാനത്തിന്റെ മറ്റ് ജില്ലകളിലും പ്രദേശങ്ങളിലും നെല്ല് സംഭരണം നടക്കാത്തത് മൂലം ഉത്പാദിപ്പിക്കപ്പെട്ട നെല്ല് വളരെയധികം കെട്ടികിടക്കുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ വഴി സംസ്ഥാനത്ത് ആവശ്യാനുസരണം നെല്ല് സംഭരിക്കുന്നതിന് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.ആർ.ജ്യോതിലാൽ
സെക്രട്ടറി

കൃഷി ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൊച്ചി
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), കേരള
പൊതുഭരണ (എസ്.സി) വകുപ്പ് (15-02-2012 ലെ ഇനം നം. 1232 പ്രകാരം)
ധനകാര്യ വകുപ്പ്
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
വിവര-പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂമീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

Beena
SO

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

True copy